01/02/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 1/02/2025

1. കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതിയുടെ രണ്ടാംഘട്ടമായി കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ചു കൊണ്ട് കർഷക ഉല്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ സമഗ്ര കാർഷിക വികസനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയാണ് കൃഷിസമൃദ്ധി. വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്കും യൂണിറ്റുകൾക്കും ഊന്നൽ കൊടുത്തുകൊണ്ട് കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സമഗ്ര കർമ്മ പദ്ധതി പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് എന്നതിന്റെ തുടർച്ചയായി നടത്തുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 01/02/2025 ശനിയാഴ്ച വൈകുന്നേരം 3.30 ന് തൃത്താല വി.കെ കടവ് ലുസൈൽ പാലസിനു സമീപം ബഹു: തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി രാജേഷ് അവർകളുടെ അധ്യക്ഷതയിൽ ബഹു: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് അവർകൾ നിർവഹിക്കുന്നു. ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

2. പക്ഷിപ്പനി കാരണം കോഴി ,താറാവ് ഉൾപ്പെടെയുള്ള പക്ഷികൾ മരണപ്പെട്ടതിനും പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ഭാഗമായി കൾ ചെയ്യുകയും ചെയ്ത പക്ഷികൾക്കുള്ള നഷ്ടപരിഹാര തുക കർഷകർക്ക് അടുത്തയാഴ്ച വിതരണം ചെയ്യുമെന്ന് മന്ത്രി അറിയിച്ചു. ആലപ്പുഴജില്ലയിലെ 899 കർഷകർക്കും പത്തനംതിട്ട ജില്ലയിലെ 48 കർഷകർക്കും കോട്ടയം ജില്ലയിലെ 213 കർഷകർക്കുമായി 3.06 കോടി രൂപയാണ് വിതരണം ചെയ്യുന്നത്. നഷ്ടപരിഹാര തുകയുടെ 50 ശതമാനം കേന്ദ്രവും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ധനകാര്യ വകുപ്പിൽ നിന്നും ഇന്ന് ക്ലിയറൻസ് ലഭിക്കുകയും ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുയും ചെയ്തു കഴിഞ്ഞു. 2024 ഏപ്രിൽ മാസത്തിൽ ആലപ്പുഴ ജില്ലയിൽ പൊട്ടി പുറപ്പെട്ട പക്ഷിപ്പനി കോട്ടയം, പത്തനംതിട്ട ജില്ലകളിലേക്ക് പടർന്നു പിടിക്കുകയും സർക്കാർ ഫാമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ കനത്ത സാമ്പത്തിക നഷ്ടം സൃഷ്ടിക്കുകയും ചെയ്തിരുന്നു. 2024 ൽ പക്ഷിപ്പനി ബാധിച്ച് 63208 പക്ഷികൾ മരണപ്പെടുകയും പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ഭാഗമായി 192628 പക്ഷികളെ കൾ ചെയ്യുകയും 99104 കിലോ തീറ്റയും 41162 മുട്ടകൾ നശിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ പക്ഷിപ്പനി ബാധ മൂലം സർക്കാർ ഫാമുകളിൽ 80 ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

3. മത്സ്യമേള ഇന്ന് (ശനി) മുതൽ 01.02.25 മുതൽ തിങ്കൾ വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടത്തും. സിഎംഎഫ്ആർഐ യുടെ 78-ാമത് സ്ഥാപിതദിനാഘോഷത്തിൻറെ ഭാഗമായാണ് മേള. സീഫുഡ് ഫെസ്റ്റ്, സാങ്കേതികവിദ്യാപ്രദർശനം, ബയർ-സെല്ലർ സംഗമം, ഓപ്പൺഹൗസ്, ശിൽപ്പശാലകൾ, പരിശീലനം എന്നിവയാണ് മേളയിലെ പ്രധാന ഇനങ്ങൾ. കല്ലുമ്മക്കായ, കായൽമുരിങ്ങ (ഓയിസ്റ്റർ), മീൻ-ചെമ്മീൻ വിഭവങ്ങളുടെ തദ്ദേശീയ രുചിക്കൂട്ടുകളാണ് സീ ഫുഡ് ഫെസ്റ്റിൻ്റെ മുഖ്യ ആകർഷണം. രാവിലെ 10 മണി മുതൽ രാത്രി 10 മണിവരെയാണ് മേള.

4. കോട്ടയം ജില്ലയിൽ രാത്രികാല എമർജൻസി വെറ്ററിനറി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സേവനം ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വെറ്ററിനറി സയൻസ് ബിരുദധാരികളിൽനിന്ന് മൃഗസംരക്ഷണ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ഇവരുടെ അഭാവത്തിൽ വിരമിച്ച വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കും. അഭിമുഖം നടത്തി 90 ദിവസത്തേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. താൽപര്യമുള്ളവർ ബയോഡേറ്റയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ഫെബ്രുവരി ഒന്ന്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(ഇന്ന് രാവിലെ) 10.30-ന് കളക്ടേറ്റിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിലെത്തേണ്ടതാണ് . വിശദവിവരത്തിന് ഫോൺ: 0481 2563726

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ , (പാവൽ, വെണ്ട, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കിസൂക്ഷിക്കേണ്ട പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

6. ചാലിയം മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ഘടക പദ്ധതിയായ 'ഷിപ്പിംഗ് കണ്ടെയ്നറുകൾ ഉപയോഗിച്ച് ഫിഷ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കിയോസ്ക്' സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി മത്സ്യവിൽപ്പന കിയോസ്ക്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇ-സ്കൂട്ടർ എന്നീ സംരംഭങ്ങൾക്കായി താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ചാലിയം മത്സ്യഗ്രാമത്തിൽ സ്ഥിരതാമസക്കാരായ വ്യക്തികൾ/സ്വയംസഹായ ഗ്രൂപ്പുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷകർ 18 നും 60 ഇടയിൽ പ്രായമുള്ളവരായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഒരു കണ്ടെയ്നറും (9 ലക്ഷം രൂപ) ഒരു ഇലക്ട്രിക് സ്കൂട്ടറും (1.5 ലക്ഷം രൂപ) ഉൾപ്പെടെ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകും. അപേക്ഷകൾ ബേപ്പൂർ മത്സ്യഭവൻ ഓഫീസിൽ ഫെബ്രുവരി മൂന്ന് വരെ സ്വീകരിക്കും. ഫോൺ: 0495-2383780.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ CAITT (സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ) *ഫെബ്രുവരി 7 വെള്ളിയാഴ്ച* രാവിലെ 10 മണി മുതൽ *ചെറുധാന്യങ്ങൾ: കൃഷിയും മൂല്യവർദ്ധനവും* എന്ന വിഷയത്തിലും ഏകദിന പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.. വൈകുന്നേരം 5 മണി വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നത്. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.